ചിത്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമാനുസൃത മുദ്രയില്ലാതെ പ്രദർശിപ്പിക്കുന്നത് കണ്ടാൽ നിയമനടപടികൾ സ്വീകരിക്കുന്നതായും അടുത്തുള്ള പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കണമെന്നും പഞ്ചായത്ത് മുനിസിപ്പൽ ഡയറക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം അശ്ലീല ചിത്രങ്ങളുടെ വീഡിയോ കാസറ്റുകളുടെ പ്രദർശനവും വിൽപ്പനയും തടയുന്നതിന് തുടരെത്തുടരെയുള്ള റെയ്ഡുകൾ നടത്തി, ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം എല്ലാ നടപടികളുമെടുത്തിട്ടും കുറ്റകൃത്യങ്ങൾ കുറയുന്നില്ല എന്നുള്ളത് കാണിക്കുന്നത് നമ്മുടെ സമൂഹത്തിൽ വളർന്നുവരുന്ന അരാജകത്വപരമായ പ്രവർത്തനത്തിന്റെ ലക്ഷണമായിട്ടാണ്. ഏതായാലും ബോധവൽക്കരണ പരിപാടിക്ക് വളരെയധികം പ്രാധാന്യം നൽകേണ്ടതാണ്. എത്ര നിയമനടപടികൾ എടുത്താലും ആ നിയമനടപടികളെ അതിജീവിക്കുന്നതരത്തിലാണ് കാര്യങ്ങൾ നടക്കുന്നത്. ഈ നിയമനടപടികൾ ഇല്ലാതാക്കാൻ നിവൃത്തിയില്ല. അമേരിക്കയിലും മറ്റുമാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് പ്രശസ്തി കൂടിക്കൂടിവരുന്നു എന്നാണ് പ്രചരണം. ഇവിടെ എങ്ങനെ ഇതിനെ തടയാൻ പറ്റും എന്നാണ് ആലോചിക്കേണ്ടത്. നമ്മൾ എല്ലാവരുടേയും യോജിച്ചുള്ള പ്രവർത്തനം ഉണ്ടാകണം. നമ്മുടെ മെമ്പർക്ക് വിയോജിപ്പുണ്ടാകും എന്നു തോന്നുന്നില്ല.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : സർ, ഇത്തരം പരസ്യങ്ങൾ സെൻസർ ചെയ്യാനുള്ള സെൻസർബോർഡിന്റെ നടപടി കുറച്ചുകൂടി കർശനമാക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകാം.

III. സബ്മിഷൻ

(1) സർക്കാർ സഹായം ലഭിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കും ജോലി സംവരണം

<u>ഡോ. എം.എ. കുട്ടപ്പൻ</u> : സർ, കേരളത്തിലെ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാന ഗവൺമെന്റിൽനിന്നും ഏതെങ്കിലും സഹായം തേടുകയാണെങ്കിൽ ആ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതിക്കാർക്കും-പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കും സംവരണം കൊടുക്കണമെന്നുള്ളതാണ് എന്റെ സബ്മിഷന്റെ കാതൽ. ഇത് എന്റെ പുതിയ ഒരു ആവശ്യമല്ല. അടുത്തകാലത്തായിട്ട് സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ കുറേശ്ശയായി സ്വകാര്യവൽക്കരിക്കപ്പെടുകയാണ്. ഉദാഹരണമായി കെ.എസ്.ഇ.ബി.യുടെ പവർ ജനറേഷൻ വിഭാഗം ഇപ്പോൾ സ്വകാര്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. സമീപഭാവിയിൽ ഡിസ്ട്രിബ്യൂഷനും അതുപോലെ ട്രാൻസ്മിഷനും സ്വകാര്യവൽക്കരിക്കപ്പെടും. സർക്കാരിന്റെ സ്ഥാപനം തന്നെ സ്വകാര്യവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. എന്നുമാത്രമല്ല, നിലവിലുള്ള ഒട്ടേറെ സ്വകാര്യവ്യവസായ സ്ഥാപനങ്ങൾ സർക്കാരിൽനിന്നും സബ്സിഡി വാങ്ങുന്നുണ്ട്. കെ.എഫ്.സി.യിൽ നിന്നും ലോൺ വാങ്ങുന്നുണ്ട്. അങ്ങനെ സംസ്ഥാന ഗവൺമെന്റിൽനിന്നും ഏതെങ്കിലും തരത്തിലുള്ള സഹായം വാങ്ങുമ്പോൾ ആ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗക്കാർക്കും പിന്നോക്കക്കാർക്കും ജോലിയിൽ സംവരണം വേണമെന്നുള്ള എന്റെ ആവശ്യം പുതിയതല്ല. 1965 ജനുവരി മാസം 4-ാം തീയതിയും അതിനു

LIBRARY ARCHIVES Kerala Legislative Assembly

മുമ്പ് 1959 ഡിസംബർ മാസം 31-ാം തീയതിയും അതിനുശേഷം 1960 സെപ്റ്റംബർ 14-ാം തീയതിയും വീണ്ടും 1964 ജൂലൈ മാസം 27-ാം തീയതിയുമായി വിവിധ ഗവൺമെന്റ് ഓർഡറുകൾ ഈ വിഷയത്തെ സംബന്ധിച്ച് ഇറക്കിയിട്ടുണ്ട്. ആ ഓർഡറിലെ ഒരു പ്രസക്തഭാഗം ഞാൻ വായിക്കട്ടെ:

"Government have issued orders in the G.Os read above for giving due representations to Scheduled and Backward Classes for appointment in government owned industries and government aided private industries. The Ministry of Industry and Supply in their letter No. IP II/64, dated, 27th August, 1964 have also issued instructions to the various organisations of employers in the private sector requesting them to impress upon their members and constituents the desirability of providing a due share of employment to the members of Scheduled Castes and Scheduled Tribes." ചുരുക്കത്തിൽ പറയട്ടെ. 1960 കാലഘട്ടം മുതൽ തന്നെ മൂന്നു നാല് ഓർഡറുകൾ ഈ വിഷയത്തെ സംബന്ധിച്ച് ഇറക്കിയിട്ടുണ്ട്. ഈ ഓർഡറുകൾ ഉണ്ടായിട്ടുപോലും ഇതുവരെ ഈ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവിഭാഗക്കാർക്കും പിന്നോക്കജാതിക്കാർക്കും സംവരണം കൊടുത്തിട്ടില്ല. അതുകൊണ്ട് മുൻകാലങ്ങളിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഈ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കും ജോലി സംവരണം അനുവദിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ ജാതി സംവരണപ്രകാരം തൊഴിൽ നൽകുന്നതു നിർബന്ധിതമാക്കുന്ന ഉത്തരവുകളൊന്നും ഉണ്ടായിട്ടില്ല. 1965 ജനുവരി 4-ാം തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ.എം.എസ്. നമ്പർ 4/6 റവന്യൂ ജെ. ഡിപ്പാർട്ടുമെന്റ് പ്രകാരം സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായങ്ങളിലും സർക്കാർ സഹായധനം നൽകുന്ന സ്വകാര്യ വ്യവസായങ്ങളിലും സർക്കാർ സർവ്വീസിൽ എന്നപോലെ ഉദ്യോഗനിയമനങ്ങളിൽ സംവരണം പാലിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ 1968 ഏപ്രിൽ 3-ാം തീയതിയിലെ സർക്കുലർ നമ്പർ 97/സി 3/68 പ്രകാരം ഈ സംവരണം സർക്കാരിന്റെ ഭൂരിഭാഗം ഷെയർ ഉള്ള കമ്പനിക്കുമാത്രം ബാധകമാക്കി നിർദ്ദേശം നൽകുകയുണ്ടായി. ഈ നിർദ്ദേശം ഇപ്പോഴും നിലവിലുള്ളതും സർക്കാർ വക പ്രധാനപ്പെട്ട കമ്പനികളിലെല്ലാം പബ്ലിക് സർവീസ് കമ്മിഷൻ നിയമനം നടത്തി വരുന്നതുമാണ്. ഇതിൻപ്രകാരം സ്വകാര്യ വ്യവസായ സ്ഥാപനങ്ങളിൽ പട്ടികജാതി- പട്ടികവർഗ്ഗക്കാർക്കും പിന്നോക്ക വിഭാഗക്കാർക്കും ജോലി സംവരണം നിലവിലില്ല.

(2) കേരളത്തിലെ മഹിളാ പ്രധാൻ ഏജന്റുമാർക്കുള്ള പ്രഖ്യാപിത പെൻഷൻ പദ്ധതി

ശ്രീമതി ആർ. ലതാദേവി : സർ, വീടുകൾതോറും കയറിയിറങ്ങി ചെറിയചെറിയ തുകകൾ സമാഹരിച്ചുകൊണ്ട് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയ്ക്കു സഹായിക്കുന്ന കേരളത്തിലെ ആയിരക്കണക്കിനുവരുന്ന മഹിളാ പ്രധാൻ ഏജന്റുമാർ ഇന്ന് വളരെയധികം പ്രയാസങ്ങൾ അഭിമുഖീകരിക്കുകയാണ്. ഇവർ ഇരട്ട യജമാനൻമാരുടെ നിയന്ത്രണത്തിൻ കീഴിലാണ്- സംസ്ഥാന ഗവൺമെന്റിന്റെയും അതോടൊപ്പംതന്നെ കേന്ദ്ര ഗവൺമെന്റിന്റെയും. അവരുടെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വർദ്ധിക്കുകയാണു ചെയ്യുന്നത്. പോസ്റ്റ് ഓഫീസുകളിൽ ധാരാളം പീഡന

LIBRARY ARCHIVES Kerala Legislative Assembly